**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *5 — 03.02.2020 ൽ മറുപടിക്ക്

**പൗരത്വ രജിസ്റ്ററും ജനസംഖ്യാ രജിസ്റ്ററും സംബന്ധിച്ച നിലപാട്**

| ചോദ്യം<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.പി.കെ.ശശി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പൗരത്വത്തിന് മതം അടിസ്ഥാനമാക്കുന്ന ദേശീയ പൗരത്വ രജിസ്റ്ററും അതിലേയ്ക്ക് നയിക്കാനുദ്ദേശിച്ചുകൊണ്ടുള്ള ജനസംഖ്യാ രജിസ്റ്ററും സംസ്ഥാനത്ത് നടപ്പിലാക്കില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; തടങ്കൽപാളയങ്ങൾ നിർമ്മിക്കാനുള്ള കേന്ദ്രനിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്. തടങ്കൽ പാളയങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | ജനസംഖ്യാ കണക്കെടുപ്പിന്റെ മറവിൽ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കാൻ ചില കേന്ദ്രങ്ങൾ ഗൂഢശ്രമം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടിയുണ്ടാകുമോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 20/12/2019 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച യാതൊരു നടപടിയും ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് കഴിയില്ലായെന്ന് കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ്സ് കമ്മീഷണറിനെ അറിയിച്ചിട്ടുമുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ജില്ലാ കളക്ടർമാർക്ക് നേരിട്ട് ലഭിക്കുന്ന കത്തിൽ ദേശീയ ജനസംഖ്യാ രജിസ്റ്റർ (NPR) സംബന്ധിച്ച കാര്യംകൂടി സൂചിപ്പിക്കുന്നതിനാൽ ചില ഉദ്യോഗസ്ഥർ ജനസംഖ്യ കണക്കെടുപ്പുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് അയയ്ക്കുന്ന സന്ദേശങ്ങളിൽ അശ്രദ്ധമായി എൻ.പി.ആർ. കൂടെ ഉൾപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഏതെങ്കിലും ഉദ്യോഗസ്ഥർ അശ്രദ്ധമായി പ്രവർത്തിച്ചാൽ അവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്നും പ്രിൻസിപ്പൽ സെൻസസ്സ് ഓഫീസർമാർ കൂടിയായ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സെൻസസ്സ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ തലവൻമാർക്കും ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ വിഷയത്തിൽ സംസ്ഥാന നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിനെതിരെ ജനാധിപത്യത്തിനും ഫെഡറലിസത്തിന്റെ അന്തഃസത്തയ്ക്കും ഹാനിയേല്പിക്കുന്ന തരത്തിൽ അധികാരസ്ഥാനീയരിൽ ചിലർ ഉൾപ്പെടെയുള്ളവർ രംഗത്ത് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. ഇത് സംബന്ധിച്ച് പൊതു ഇടങ്ങളിൽ ചില അഭിപ്രായ പ്രകടനങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടെങ്കിലും പരാതിയായോ പ്രതിഷേധത്തിന്റെയോ രൂപത്തിൽ സർക്കാരിന് മുൻപാകെ ഈ വിഷയം ഉയർന്ന് വന്നിട്ടില്ല. |
| (ഡി) | പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചതിൽ ഏതെങ്കിലും തരത്തിലുള്ള പ്രോട്ടോക്കോൾ ലംഘനം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ